For Private Circulation Only

October 2024

ആഗമനാമൃതം

HOLY BIBLE

Vol.71

“ സഹോദരന്മാരേ നിങ്ങൾ കൂടിവരുമ്പോൾ ഓരോരുത്തനു..... ആത്മീക വർദ്ധന വിനായിനായി ഉതകട്ടെ ” (1കൊരി.14:26)

No.10

എന്നേയ്ക്കും ജീവിക്കുന്ന നമ്മുടെ മദ്ധ്യസ്ഥൻ

By Charles H Spurgeon

“ അതുകൊണ്ടു താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു ” (എബ്രാ. 7:25).

ഇത് പറയുന്നത്, നമുക്കു വേണ്ടി പക്ഷവാദം ചെയ്യുവാൻ അവിടുന്ന് സദാ ജീവിക്കുന്നു. ക്രിസ്തുവിന്റെ ജീവിതം, നിത്യത മുഴുവൻ ബന്ധനമില്ല, അവസാനമില്ലാത്ത, മഹത്വകരമായ ആസ്തിത്വം ഇപ്പോഴും തന്റെ ജനത്തിനുവേണ്ടിയുണ്ട്. “ അവിടുന്ന് എന്നെ സ്നേഹിച്ചു, തന്നെത്താൻ അവിടുന്ന് എനിക്കു വേണ്ടി ഏല്പിച്ചു തന്നു ” എന്നത് സത്യം ആകുന്നു, എന്നാൽ വർത്തമാനകാലത്തിൽ നാം വായിക്കുമ്പോൾ, അവിടുന്ന് ഇന്നും നമുക്കു വേണ്ടി ജീവിക്കുന്നു; “ അവിടുന്ന് ജീവിക്കുന്നു, അവിടുത്തെ ജീവനെ നമുക്കു വേണ്ടി തരുന്നു ”. ക്രിസ്തു തന്റെ സഭയെ സ്നേഹിച്ചു, അവിടുന്ന് സഭയ്ക്കുവേണ്ടി തന്റെ ജീവനെ കൊടുത്തു, ഇപ്പോൾ അവിടുന്ന് തന്റെ സഭയെ സ്നേഹിക്കുന്നു, അവിടുന്ന് തന്നെത്താൻ സഭയ്ക്കുവേണ്ടി കൊടുക്കുന്നു. നമുക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ ജീവിതം, വേർപിരിക്കാനാവാത്തതാണ്. എത്ര അവസാനമില്ലാത്തതതാണ്! പൂർണ്ണമായി നമ്മുടെ ജീവിതം ദൈവത്തിനായി ജീവിക്കാം, അവിടുന്ന് പൂർണ്ണമായി നമുക്കായി ജീവിക്കുന്നു.

ക്രിസ്തു നമുക്കായി ജീവിക്കുന്നു എന്നത് ഓർമ്മിക്കപ്പെടേണ്ടതായ ഒരു സത്യം ആണ്. പ്രിയരേ, നമ്മുടെ ഉന്നതമായ നേട്ടത്തിനുവേണ്ടി സ്വർഗ്ഗത്തിലെ ദൈവം നമുക്കായി ജീവിക്കുന്നു. നമുക്ക് സ്നേഹത്തോടെ അവിടുത്തെ ആരാധിക്കാം. എത്ര വലിയതാണ് നമ്മുടെ ആവശ്യം എന്ന് ഇത് കാണിക്കുന്നു. നമുക്ക് എപ്പോഴും ജീവിക്കുന്ന ഒരു രക്ഷകനെ ആവശ്യമാണ്. മരിക്കുന്ന ഒരു രക്ഷകനെ നമുക്ക് ആവശ്യമില്ല, പൂർണ്ണശ്രദ്ധയോടെ നമ്മുടെ ആത്മാക്കളെ ഓരോ നിമിഷവും കാക്കുന്ന ഒരു രക്ഷകനെയത്രേ നമുക്ക് ആവശ്യം. എല്ലാ വഴികളിലും നമുക്കു വേണ്ടി സംസാരിക്കുന്ന ദുഷ്ടന്റെ എല്ലാ പോരുകളിൽ നിന്നും വിടുവിച്ചു കാക്കുന്ന ഒരു ജീവിക്കുന്ന രക്ഷകനെയത്രെ നമുക്കാവശ്യം. നമ്മുടെ പെട്ടെന്നുള്ള ആവശ്യങ്ങളിൽ എപ്പോഴും അവിടുത്തെ സാന്നിദ്ധ്യമുണ്ട്, യേശു എല്ലാപ്പോഴും നമ്മെ കാക്കുന്നു. അവിടുന്ന് ഒരു വലിയ ആശ്വാസപ്രദനാണ്, കഠിനമായ ഭാരങ്ങൾ വരുമ്പോൾ, അവിടുത്തെ സന്നിധിയിൽ നമ്മെ തന്നെ ഏല്പിച്ചുകൊടുക്കേണം. യേശു ജീവിക്കുന്നു, എന്റെ വീണ്ടെടുപ്പുകാരൻ എനിക്കായി ജീവിക്കുന്നു, ശക്തിയുടെ എല്ലാ നിറവുകളോടും മഹത്വത്തോടു ജീവിക്കുന്നു, ആ ജീവിതത്തെ ധ്യാനിക്കുമ്പോൾ, എല്ലാം ഇതിനോട് ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ രോഗങ്ങളിൽ നിന്നും നമ്മെ വിടുവിച്ചു കാക്കുന്നു. ഇതിൽ എന്തുകൊണ്ട് ആശ്രയം വച്ചുകൂടാ? ഇതുപോലൊരു സംരക്ഷകൻ നമുക്കുണ്ടെങ്കിൽ നാം എന്തുകൊണ്ട് ഭയപ്പെടേണം? എന്റെ സംരക്ഷണത്തിന് വേണ്ടി ഒരുവൻ കരുതലോടെ ജാഗരിക്കുമ്പോൾ ഞാൻ സുരക്ഷിതനല്ലേ? യേശു തന്റെ അവസാനമില്ലാത്ത ജീവിതത്തിന്റെ ശക്തിയാൽ എത്ര എണ്ണമറ്റ അനുഗ്രഹങ്ങൾ നമുക്കുവേണ്ടി പകർന്നു തരുന്നു!

പ്രീയരേ, ഇവിടെ നമുക്കു ആശ്വാസമുണ്ട്, നമുക്കു ഒരേയൊരു പുരോഹിതൻ, അവിടുന്ന് എന്നേയ്ക്കും ജീവിക്കുന്നു. അവിടുത്തേയ്ക്ക് മുൻഗാമിയോ പിൻഗാമിയോ ഇല്ല, നമുക്കുവേണ്ടി എന്നേയ്ക്കും മഹാപുരോഹിതനായി ജീവിക്കുന്നവൻ. തന്റെ പരമയാഗത്തിലുള്ള വിശ്വാസത്തിൽ ആശ്രയിച്ചു ഞാൻ ജീവിക്കുന്നു, ഒരിക്കലായി അർപ്പിക്കപ്പെട്ടവൻ, വീണ്ടും യാഗമാകുവാൻ ആവശ്യമില്ലാത്തവൻ. ഒരിക്കലായി അർപ്പിക്കപ്പെട്ടു, ഇനിയൊരു യാഗത്തിന്റെ ആവശ്യമില്ല. ഇന്നു മുതൽ എന്നേയ്ക്കും മതിയായവൻ, അവിടുന്ന് മരിക്കുന്നില്ല. യേശു എന്റെ ഹൃദയത്തെ അറിയുന്നു, എന്റെ ബാല്യം മുതലുള്ള സങ്കടങ്ങളെ അവിടുന്ന് ചുമന്നു തീർത്തു, എന്റെ ദു:ഖങ്ങളും സങ്കടങ്ങളും അവിടുന്ന് വഹിച്ചു, എന്റെ വാർദ്ധക്യം എന്നെ പിടിച്ചു എന്റെ ബലം ക്ഷയിച്ചുപോകും. മരണത്തിൽ ഞാൻ വീണുപോകും. എന്നാൽ അവിടുന്ന് ഒരു നാളും മരിക്കയില്ല, എന്നാൽ മരണമില്ലാത്ത നിത്യതയിലേക്ക് എന്നെ ചേർത്തുകൊള്ളുവാൻ അവിടുന്ന് ഒരുക്കമായിരിക്കും. യേശു ക്രിസ്തുവിന്റെ നിത്യ പൗരോഹിത്യത്തിന്റെ ഇടമുറിയാത്ത തുടർച്ചയിൽ നമുക്കു സന്തോഷമില്ലേ?

തുടർച്ചയായ മദ്ധ്യസ്ഥതയുടെ ആവശ്യം

നമ്മുടെ പ്രത്യാശയുടെ തുടർച്ചയായ സംരക്ഷണത്തിനു വേണ്ടി ബലഹീനതകളും പാപങ്ങളും നിറഞ്ഞ നമ്മുടെ പ്രകൃതിയിൽ തുടർച്ചയായി നമുക്കുവേണ്ടി അപേക്ഷിക്കേണ്ടതായോ? വഴി വളരെ ദുർഘടം, പാപം നിറഞ്ഞ ലോകം, അലച്ചിലുകൾ ധാരാളം, നമ്മുടെ ആവശ്യങ്ങൾ, ആകയാൽ നമുക്ക് നിത്യമായ മദ്ധ്യസ്ഥത ആവശ്യമാണ്. നാം ഒരിക്കലും അപകടത്തിന് പുറത്തല്ല, അതുകൊണ്ട് എല്ലായ്പ്പോഴും നമുക്കു സംരക്ഷണത്തിനു വേണ്ടിയുള്ള പ്രാർത്ഥന ആവശ്യമാണ്; നാം ഒരിക്കലും ബലഹീനതയ്ക്കും വീഴ്ചകൾക്കും അതീതമല്ല, അതുകൊണ്ട് ഒരു സംരക്ഷകന്റെ നിത്യമായ പരിപാലനം ആവശ്യമാണ്. ഒരു ആവശ്യവുമില്ലാത്ത മനുഷ്യർ നിങ്ങളിൽ ആരാണ്? ദിവസംതോറും തന്റെ

(1-ാംപേജിന്റെ തുടർച്ച)

എന്നേയ്ക്കും ജീവിക്കുന്ന നമ്മുടെ മദ്ധ്യസ്ഥൻ

കരുണയുടെ സിംഹാസനത്തിനരികിൽ പോകുവാനാവശ്യമില്ലാത്തവർ നിങ്ങളിൽ ആരുണ്ട്? യേശു എപ്പോഴും അവിടെയുണ്ട്, നമ്മുടെ പരാതികൾക്കായി കാത്തിരിക്കുന്നു, നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങൾ, നമ്മുടെ പരാതികൾ, ദൈവം നമ്മുടെ സ്തുതി സ്തോത്രങ്ങൾ സ്വീകരിക്കുന്നു.. പ്രീയരേ, നാം അനുദിനം സമ്മർദ്ദങ്ങളിൽപെടുന്നു, ഒന്നുകിൽ ജന്മസിദ്ധമായ പാപങ്ങളുടെ വൈരുദ്ധ്യങ്ങൾ അല്ലെങ്കിൽ ശരീരത്തിൽ പ്രയാസങ്ങൾ, ദൈവ ത്തെ ആരാധിക്കുന്നതിനോടുള്ള ബന്ധത്തിൽ അഥവാ മനുഷ്യന്റെ മനോഭാവത്തോടുള്ള ബന്ധത്തിൽ, ഈ കാര്യങ്ങളിൽ ദൈവത്തിന്റെ വിശുദ്ധ സ്ഥലത്തു നിന്നുമുള്ള സഹായം നമുക്കാവശ്യമാണ്, ആ സഹായം ദൈവത്തിന്റെ കൃപയുടെ സിംഹാസനത്തിൽ നിന്നും മാത്രമേ നമുക്ക് ലഭിക്കയുള്ളൂ. നമുക്കു മദ്ധ്യേ ഒരു ഇടപെടൽ ആവശ്യമായിരിക്കുന്നു, അവിടുത്തെ പാദത്തിൽ നമ്മുടെ ഭാരങ്ങൾ ഇറക്കിവയ്ക്കേണം, അവിടുത്തെ ചെവിയിൽ നമ്മുടെ ദുർഘടങ്ങളും സങ്കടങ്ങളും പറയേണം, അത്കൊണ്ടു നമുക്കു വേണ്ടി മദ്ധ്യസ്ഥനായി യേശു എന്നേയ്ക്കും നമുക്കു വേണ്ടി ജീവിക്കുന്നു.

എണ്ണമില്ലാത്ത അനുഗ്രഹങ്ങൾ

നമ്മുടെ മദ്ധ്യസ്ഥൻ നമ്മുടെ വളർച്ചയ്ക്കും ഉപയോഗത്തിനും ആവശ്യമായ കൃപകളും വരങ്ങളും നിറഞ്ഞവനാണ്. ആത്മീക ജീവിതത്തിന്റെ പരിശ്രമങ്ങൾക്കെല്ലാം ഉതകുന്ന സേവനങ്ങൾ നമുക്ക് നൽകി ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും അവിടുത്തെ കരം നമ്മെ നടത്തുന്നു. നമ്മുടെ പ്രതീക്ഷയ്ക്കപ്പുറത്തായുള്ള വലിയ നന്മകളെ നമുക്ക് അധികമധികമായി പകർന്നു സൽപ്രവർത്തികൾക്ക് നമ്മെ പൂർണ്ണരാക്കി തന്റെ ഇഷ്ടം ചെയ്വാൻ നമ്മെ ഒരുക്കുന്നു.

നിങ്ങളുടെ ശത്രു എപ്പോഴും പ്രശ്നങ്ങളും വിരോധങ്ങളും ഉണ്ടാക്കുവാനായി എപ്പോഴും ജീവിക്കുന്നു എന്ന വസ്തുത നിങ്ങൾ മറന്നുപോയോ? അവൻ സഹോദരങ്ങളെ കുറ്റം ചുമത്തുന്നവൻ ആണ്. അവ രാവും പകലും ദൈവമുമ്പാകെ കുറ്റം ചുമത്തുന്നു, മഹത്വവാനായ വക്കീൽ നമുക്കായിട്ടുണ്ടായിരുന്നില്ലേ, അവിടുന്ന് സീയോന്റെ സമാധാനത്തിന് വേണ്ടി പ്രവർത്തിക്കുകയായിരുന്നില്ലേ? ഈ കുറ്റം ചുമത്തുന്നവൻ പരീക്ഷകൻ കൂടിയാണ്; അവൻ നമ്മെ പരാജ

(ശേഷം 7-ാം പേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" യഹോവക്കു സ്തോത്രം ചെയ്വിൻ; അവന്റെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ. ജാതികളുടെ ഇടയിൽ അവന്റെ പ്രവൃത്തികളെ അറിയിപ്പിൻ. അവന്റെ നാമം ഉന്നതമായിരിക്കുന്നു എന്നു പ്രസ്താവിപ്പിൻ. യഹോവയ്ക്കു കീർത്തനം ചെയ്വിൻ. അവൻ ശ്രേഷ്ഠമായതു ചെയ്തിരിക്കുന്നു. ഇതു ഭൂമിയിൽ എല്ലാടവും പ്രസിദ്ധമായി വരട്ടെ. സീയോൻ നിവാസികളേ യിസ്രായേലിന്റെ പരിശുദ്ധൻ നിങ്ങളുടെ മദ്ധ്യേ വലിയവനായിരിക്കയാൽ ഘോഷിച്ചുല്ലസിപ്പിൻ " (യെശ. 12:14-16).

2024 സെപ്റ്റംബർ നമ്മെ വിട്ട് കടന്നു പോയി ഒക്ടോബർ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

നമ്മുടെ ഹൃദയത്തിലും ദർശനത്തിലും ഒരു വിശാലതയ്ക്കായി ദൈവത്തോട് പ്രാർത്ഥിക്കാം. 133-ാം സങ്കീർത്തനത്തിൽ പറയുന്നു. ഇതാ സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു എന്നുള്ള വചനം നമ്മുടെ ജീവിതത്തിൽ അനുഭവമായിത്തീരുവാൻ ദൈവമായ കർത്താവ് നമ്മെ സഹായിക്കും.

നമ്മുടെ സ്തുതി ഒരു പക്ഷേ വളരെ കുറഞ്ഞ അളവിലായിരിക്കാം. എന്നാൽ ഈ നാളുകളിൽ കൂടുതലായി ദൈവത്തെ സ്തുതിക്കാം. സ്വർഗ്ഗത്തിലേക്കു നോക്കി നിങ്ങളുടെ വീണ്ടെടുപ്പുകാരനെ സ്തുതിക്കാം. അവൻ സ്തുതിക്കു യോഗ്യനത്രേ. പ്രതികൂല സാഹചര്യങ്ങൾ വരുമ്പോൾ കുഴങ്ങിയ പ്രശ്നങ്ങൾ വരുമ്പോൾ താങ്ങാനാകാത്ത തടസ്സങ്ങൾ വരുമ്പോൾ ദു:ഖകരമായ പരിശോധനകളും വലിയ ആവശ്യങ്ങളും വരുമ്പോൾ ഭീതിയും ചഞ്ചലവും വരുമ്പോൾ ഭയപ്പെടാതെ സന്തോഷിക്കേണം. യേശു വലിയവനാണ്. അംഗീകരിപ്പാനും ആശ്രയിപ്പാനും അവിടുന്ന് നമ്മുടെ ദൈവമാണ്. നമ്മെ ഭയപ്പെടുത്തുന്ന ഏതു പ്രശ്നത്തെക്കാളും നമ്മുടെ ദൈവം വലിയവനാണ്.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **കഎടഇ രീറല ടആകച 0070028 അ/ര. ചീ. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ജെ.ഹഡ്സൻ ടെയിലർ
ചൈനയിൽ ദൈവത്തിനു വേണ്ടി
Part 3

തന്റെ ചുമതലകളും തന്റെ ശാരീരിക ആവശ്യങ്ങളും ചൈന ഇൻലാൻഡ് മിഷന്റെ പ്രവർത്തനങ്ങൾ തന്റെ കഴിവിലും അപ്പുറത്തായി തോന്നാറുണ്ട്. ടെയിലർ ഇങ്ങനെ പറയാറുണ്ട്, “യുദ്ധം യഹോവയ്ക്കുള്ളത് ” (1ശാമു. 17:47), പല പ്പോഴും ഇത് വലിയ ഭരമായിത്തോന്നാറുണ്ട്.

“ ഞാനല്ല, എന്നാൽ ക്രിസ്തു ”

രണ്ടാം തവണ ടെയിലർ ചൈനയിൽ വേല ചെയ്യുമ്പോൾ തന്നിലുള്ള ആത്മ ശക്തി പോരായെന്നുള്ള യാഥാർത്ഥ്യം താൻ മനസിലാക്കി. ദൈവത്തിൽ നിന്നുള്ള വലിയ പ്രവർത്തികൾക്കായി ഉപവസിപ്പാനും പ്രാർത്ഥിപ്പാനും വേദപുസ്തക വായനയിൽ അധികം സമയം ചെലവിടുവാനും ഇടയായി. കർത്താവായ യേശുവിൽ തനിക്കാവശ്യമുള്ളതെല്ലാം ഉണ്ട് എന്നുള്ള വസ്തുത താൻ മനസിലാക്കി, തനിക്ക് സ്വയമായി നേടുവാൻ കഴിയുന്നതല്ല എന്ന് താൻ മനസിലാക്കി. ഒരു അത്ഭുത വെളിച്ചം തന്നിൽ പ്രകാശിക്കുന്നതിനായി താൻ നോക്കിയിരുന്നു - വിശ്വാസത്താൽ.

വളരെ സന്തോഷത്തോടൂകൂടെ അദ്ദേഹം തന്റെ സഹോദരിക്ക് ഇങ്ങനെ എഴുതി, “ ഞാൻ മുന്തിരിയേയും അതിന്റെ കൊമ്പുകളേയും കുറിച്ച് ചിന്തിച്ചു (യോഹ. 15:1-11), എത്ര വ്യക്തമായിട്ടാണ് ദൈവം തന്റെ ആത്മാവിനെ എന്റെ മേൽ പകർന്നിരിക്കുന്നത്. ദൈവത്തിന്റെ നിറവ് പ്രാപിക്കുന്നതിൽ എനിക്ക് പറ്റിയ തെറ്റ് ഞാൻ മനസിലാക്കുന്നു. യേശു എന്നെ കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല എന്ന് മാത്രമല്ല, ഞാൻ അവിടുത്തെ അസ്ഥിക്ക് അസ്ഥിയും മാംസത്തിനു മാംസവുമായി അവിടുത്തെ ശരീരത്തിലെ ഒരവയവുമായിരിക്കുന്നു എന്ന് ഞാൻ മനസിലാക്കുന്നു. മുന്തിരി എന്നത് കേവലം പേര് മാത്രമല്ല പിന്നെയോ, എല്ലാം, വേരുള്ള, കൊമ്പുകൾ, ഇലകൾ, പൂവുകൾ, അതിന്റെ ഫലങ്ങൾ, ഇത് എല്ലാമാണ്. മണ്ണും സൂര്യപ്രകാശവും, വായുവും വെള്ളവും പതിനായിരം പ്രാവശ്യം അതിനെ സ്വപ്നം കാണുന്നു, അതിനായി ആഗ്രഹിച്ചു, അഥവാ ആവശ്യപ്പെട്ടു. അതെ, ഈ സന്തോഷം കാണുന്നത് എത്ര ഭാഗ്യം! ഇത് അത്ഭുതകരമായ ഒരു കാര്യമാണ്, കർത്താവിനോടു ഒന്നിച്ചുള്ള വാസം, തന്റെ ശരീരത്തിന്റെ അവയവമായിരിക്കും എന്നുള്ള അനുഭവം!

ഈ തിരക്കേറിയ ജീവിതത്തിൽ ക്രിസ്തുവിനോടൊന്നിച്ചുള്ള വാസം എത്ര അനുഗ്രഹിക്കപ്പെട്ടതാണ്. അദ്ദേഹത്തിന്റെ സ്വന്തം ജീവിതം അനുഗ്രഹിക്കപ്പെടുന്നതിന് പ്രഥമ സ്ഥാനം കൊടുക്കുകയും പിന്ന ദൈവത്തിന്റെ ആലോചന പ്രകാരം അവിടുത്തേയ്ക്ക് വേണ്ടി പ്രയോജനം ഉള്ളവനായി ജീവിക്ക. പ്രയാസങ്ങളും പ്രശ്നങ്ങളും അധികമായി വർദ്ധിച്ചു, എന്നാൽ ദൈവത്തിൽ അഭയം പ്രാപിപ്പാൻ കഴിയുന്നു, പൂർണ്ണ തൃപ്തിയോടും കൂടെ കഴിയുന്നു കാരണം ദൈവം അപ്പോഴപ്പോൾ ആവശ്യമായ ആലോചനകൾ നൽകും എന്നും ഞാൻ വിശ്വസിച്ചിരിക്കുന്നു. സ്നേഹിക്കുന്നവരാൽ ഓരോ കഥകൾ ഒന്നിനു പുറകേ ഒന്നായി ഞങ്ങൾ കേൾക്കുന്നു എന്നാൽ ടെയിലറും ഭാര്യയും സ്വയം സമർപ്പിക്കപ്പെട്ടവരായി വേല ചെയ്തുകൊണ്ടിരിക്കുന്നു. ധാരാളം യാത്രകൾ വേണ്ടി വരുന്നു. രോഗികളാകുന്ന മിഷനറിമാർക്കായി ചെലവുകൾ വേണ്ടി വരുന്നു, അവരെ ശക്തീകരിക്കുവാൻ ധൈര്യപ്പെടുത്തുവാൻ, ആലോചനകൾ പറയുവാൻ കർത്താവിന്റെ വേലയിൽ നേരിടുന്ന പ്രയാസത്തിൽ ഇടപെട്ട് സഹായിക്കുവാനായി സമയവും സാമ്പത്തികവും ആവശ്യമായി വരുന്നു.

ടെയിലറുടെ പുതിയ ആത്മീയ ജീവിതവും ആശ്രയവും തന്റെ വ്യക്തിപരമായ പ്രശ്നങ്ങളും മിഷൻ പ്രവർത്തനങ്ങളിലെ ചുമതലകളിലും ഏറെ പ്രയോജനമായി ഭവിച്ചിട്ടുണ്ട്. തന്റെ കുഞ്ഞുങ്ങൾ രണ്ട് പേർ ഇതിനിടിയിൽ മരിച്ച് ചൈനയിൽ തന്നെ അടക്കം ചെയ്യുവാനിടയായി. അതിന്റെ ശേഷം ഒരാഴ്ച പ്രായമുള്ള കുഞ്ഞും മരിച്ചു. അതിനുശേഷം തന്റെ ശേഷിച്ച മൂന്നു മക്കളെ ഇംഗ്ലണ്ടിലേക്ക് തിരിച്ചു അയയ്ക്കാൻ തീരുമാനിച്ചു. അവിടെ ഭക്തയായ ഒരു മിഷ്യ

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ഹഡ്സൻ ടെയിലർ

നറി വനിതയുണ്ടായിരുന്നു.

അതിന്ശേഷം പെട്ടെന്ന് തന്റെ ഭാര്യ മരിയ കോളറ പിടിച്ച് അപ്രതീക്ഷിതമായി തന്റെ മുപ്പത്തിമൂന്നാമത്തെ വയസിൽ മരിക്കുവാനിടയായി. അപ്പോഴും ഏകാന്തതയിൽ തൃപ്തികരമായ ആത്മീക ജീവിതം കർത്താവിൽ താൻ കണ്ടിരുന്നു, തന്റെ ശാരീരികമായ കഠിനമായ കഷ്ടതയിലും പരിശോധനയിൽ പോലും തൃപ്തികരമായ ആത്മീക ജിവിതം താൻ ക്രിസ്തുവിൽ കണ്ടിരുന്നു. ഇങ്ങനെ തനിക്ക് എഴുതുവാൻ കഴിഞ്ഞു, ശരിയായ ഭാഷപോലെ എനിക്ക് വശമില്ല. ഒരിക്കലും എന്നെ ഉപേക്ഷിച്ചിട്ടില്ല. സ്ഥിരമായി അവിടുന്ന് തന്റെ സ്നേഹം നൽകി എന്നെ സന്തോഷിപ്പിച്ചുകൊണ്ടിരിക്കുന്നു. അവിടുന്ന് ഒരിക്കൽ ലാസറിന്റെ കല്ലറയ്ക്കൽ കണ്ണീർ വാർത്തു, ഇപ്പോൾ എന്നോടുകൂടെ കണ്ണീർ വാർക്കുന്നു. അവിടുത്തെ സ്വന്ത വിശ്രമം , സ്വന്തം സമാധാനം, സ്വന്തം സന്തോഷം അവിടുന്ന് ദിനംതോറും എനിക്ക് തരുന്നു.

ഇപ്പോൾ ഞങ്ങളുടെ രാജ്യത്ത് ചില അസൗകര്യങ്ങൾ ഉണ്ട്. പ്രത്യേകിച്ച് പറ്റിയ കാലമല്ല ഇത്. ഭീഷണിയുണ്ട്. സംരക്ഷണത്തിനായി ദൈവത്തിങ്കലേക്കു നോക്കുവാൻ ടെയിലർ മിഷനറിമാരോട് പറഞ്ഞു, ഒരു നല്ല സാക്ഷ്യം ചൈനയിലുള്ള ദൈവമക്കളോടു പറയുവാൻ കർത്താവ് സഹായിക്കണം. അവർ ശാന്തമായി സൂക്ഷിക്കപ്പെടുവാനും പ്രശ്നങ്ങളുടെ നടുവിൽ സന്തോഷമുള്ളവരായിരിപ്പാനും, പീഢയുടെ നടുവിൽ ചൈനയിലെ ദൈവമക്കൾ വിശ്വാസത്തോടുകൂടെ ദൈവത്തിൽ ആശ്രയിപ്പാനും ക്രിസ്തുവിന്റെ അനുഗാമികളും വിദേശമിഷ്യനറിമാരെ സ്നേഹിക്കുന്നവർ എന്ന നിലയിൽ അവർക്ക് പ്രയാസങ്ങൾ ഉണ്ടാകാതിരിക്കേണ്ടതിനും പ്രാർത്ഥിക്കേണമേ.

ഇംഗ്ലണ്ടിലേക്ക് മടങ്ങുന്നു

ആറു വർഷത്തെ ചൈനയിലെ പ്രവർത്തനത്തെ തുടർന്ന് ടെയിലർ ഇംഗ്ലണ്ടിലേക്ക് മടങ്ങിപ്പോന്നു. ആ സമയം പതിമൂന്ന് മിഷൻ കേന്ദ്രങ്ങളും മുപ്പത് വിദേശമിഷനറിമാരും അൻപത് ചൈനക്കാരായ പ്രവർത്തരും ഉണ്ടായിരുന്നു. പ്രവർത്തനകേന്ദ്രങ്ങൽ തമ്മിൽ ശരാശരി നൂറു കിലോമീറ്റർ അകലമുണ്ടായിരുന്നു.

ഈ സമയം പ്രവർത്തനങ്ങളെ നന്നായി കൈകാര്യം ചെയ്തിരുന്ന ബർജർ എന്ന സഹോദരനും മടങ്ങിപ്പോരേണ്ടിവന്നു. വലിയ ചുമതലകൾ അദ്ദേഹം വഹിച്ചിരുന്നു, പ്രവർത്തകരെ ഏൽക്കുന്ന കാര്യത്തിലും അവരുടെ പരിശീലനത്തിലും കത്തിടപാടുകളും എന്നു വേണ്ട പ്രവർത്തനങ്ങളെ വിജയകരമായി നടത്തിയ ഒരു വ്യക്തിയായിരുന്നു. ഈ സമയം ആ പ്രവർത്തനങ്ങൾ കൂടെ ടെയിലർക്ക് ഏറ്റെടുക്കേണ്ടി വന്നു.

ചുമതലകളിലും പ്രാർത്ഥന തുടർന്നു കൊണ്ടേയിരുന്നു. ആരോ ഒരാൾ പറഞ്ഞു. “ടെയിലർ പ്രാർത്ഥിക്കുന്നതുപോലെ പ്രാർത്ഥിക്കുവാൻ ഞങ്ങൾക്ക് കഴിയുന്നില്ല. അതിൽ ഒരു ലാളിത്യം, ഒരു ദയ, ഒരു സ്ഥിരത, ഒരു ദൈവശക്തി, കേൾക്കുന്ന ഒരുവന്റെ ജീവിതത്തെ പിടിച്ചു കുലുക്കുന്ന പ്രാർത്ഥന, ആന്തരികമായ ഒരു കൂട്ടായ്മ എല്ലാം ആ പ്രാർത്ഥനയിൽ അടങ്ങിയിരുന്നു. ഒരു മനുഷ്യൻ തന്റെ കൂട്ടുകാരനോടു സംസാരിക്കുന്നപോലെ താൻ ദൈവത്തോട് അഭിമുഖമായി സംസാരിച്ചിരുന്നു. ഈ പ്രാർത്ഥന, നീണ്ട കാത്തിരിപ്പിനൊടുവിലുള്ള പ്രാർത്ഥന, സ്വർഗ്ഗത്തിൽ നിന്നും മഞ്ഞു പെയ്യുന്ന ഒരനുഭവമായിരുന്നു. അതിനുശേഷം, ആ പ്രാർത്ഥന കേട്ട് ആളുകൾ പരസ്യമായി പ്രാർത്ഥിക്കുന്നതു കാണാൻ കഴിഞ്ഞു, ആ പ്രാർത്ഥനകൾക്ക് പിന്നിൽ ടെയിലറുടെ പ്രാർത്ഥനയുണ്ടായിരുന്നു. ടെയിലറുടെ പ്രാർത്ഥന ഒരിക്കൽ കേട്ട വർക്ക് അത് മറക്കുവാൻ കഴിയുമോ? ടെയിലറിന്റെ പ്രാർത്ഥനകളും അപേക്ഷകളും വളരെ ശ്രദ്ധേയമായിരുന്നു, “ നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു” (യാക്കോ. 5:16).

പ്രാർത്ഥിക്കുക, വേല ചെയ്യുക

ചൈനയിൽ നിന്നും മടങ്ങി വന്ന ശേഷം, ഒരു വർഷത്തെ വീട്ടിലിരുന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ശേഷം ടെയിലർ താൻ വിളിക്കപ്പെട്ട ദേശത്തേയ്ക്കു പോകുവാൻ ഒരുക്കമായിരുന്നു. ചൈനയിൽ പ്രവർത്തിച്ചിരുന്ന മിഷ്യനറി വനിതകളിൽ ഒരാളെ തന്റെ കീഴിൽ പ്രവർത്തിക്കുവാനായി ദൈവം ഒരുക്കി. അങ്ങനെ ബ്രിട്ടീഷ് കൗൺസിൽ ഒരുക്കിയ പുതിയ വഴികളും പുതിയ പദ്ധതികളുമായി ടെയിലർ തന്റെ പുതിയ കൂട്ടാളിയുമായി ചൈനയിലേക്ക് മടങ്ങി വന്നു.

തന്റെ മടങ്ങിവരവിൽ ഒരിക്കൽ കൂടെ തന്റെ പ്രവർത്തന സ്ഥലങ്ങളിൽ വീണ്ടും സന്ദർശിക്കുവാനിടയായി. പരിശോധനകളിലൂടെ കടന്നുപോകുന്ന ഒരു കൂട്ടുവേലക്കാരനെ ധൈര്യപ്പെടുത്തിക്കൊണ്ട് ടെയിലർ ഇങ്ങനെ പറഞ്ഞു. “പ്രാർത്ഥിച്ചു മുന്നേറുക, പ്രവർത്തിച്ചു മുന്നേറുക”. “പ്രശ്നങ്ങളെ പേടിക്കണ്ട, ക്രൂശിനെ പേടിക്കണ്ടാ, അവ നമുക്കു നല്ല ഫലം തരും ”. പരിശുദ്ധാത്മാവിന്റെ ഇടപെടലിന് താൻ ഏല്പിച്ചു കൊടുത്തു. അനേകർ മാനസാന്തരപ്പെട്ട്, അനേകർ സ്നാനപ്പെടുവാനിടയായി. എപ്പോഴും ടെയിലറുടെ ഹൃദയം സുവിശേഷം കേട്ടിട്ടില്ലാത്ത ആയിരങ്ങൾക്കുവേണ്ടി ദാഹിച്ചു. 1874-ൽ അദ്ദേഹം പെൻസിൽ കൊണ്ട് അദ്ദേഹത്തിന്റെ ബൈബിളിൽ താൻ എഴുതിയത് ചൈനയിലെ ആളുകളോടുള്ള തന്റെ സ്നേഹവും ദൈവത്തിലുള്ള തന്റെ അതിരറ്റ വിശ്വാസവും വെളിപ്പെടുത്തുന്നു. അദ്ദേഹം ഇങ്ങനെയെഴുതി, “അൻപതോ നൂറോ പ്രാദേശികമായ പ്രവർത്തകർക്കുവേണ്ടി പ്രാർത്ഥിച്ചു, വിദേശ സഹായങ്ങൾക്കായി പ്രാർത്ഥിച്ചു, നാലു പ്രവിശ്യകളിൽ വേല വ്യാപിപ്പിക്കേണ്ടതിനായി പ്രാർത്ഥിച്ചു, അനേകം പ്രാദേശികമായി വേലക്കാരെ എഴുന്നേല്പിച്ചു തന്നു. വിദേശ സഹായഹങ്ങളെ ഒരുക്കി ഒൻപത് പ്രവിശ്യകളിലായി വേല വ്യാപിച്ചു. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിച്ചു. നന്ദി യേശുവേ, അവിടുന്ന് വിശാലതകളെ ഒരുക്കി. ശരീരത്തിന് സൗഖ്യം തന്നു, ജ്ഞാനം നല്കി, അത്മാവിൽ കൃപകളെ തന്നു, ഇത്രത്തോളം കൊണ്ടുവന്നു. ആമേൻ.

ടെയിലർ വളരെയധികം ദൈവനാമത്തിനു വേണ്ടി പ്രയോജനപ്പെടുവാൻ ഇടയായി എന്ന് തോന്നി, ചൈനയുടെ സുവിശേഷീകരണത്തിൽ താൻ ചിന്തിക്കുന്നതിനേക്കാൾ എത്രയോ അധികം ചെയ്യുവാൻ കർത്താവ് തന്നെ ഉപയോഗിച്ചിരിക്കുന്നു എന്നും താൻ മനസിലാക്കി. ചൈനയുടെ സുവിശേഷീകരണം തന്നെ ദൈവം ഭരമേല്പിച്ചിരിക്കുന്നു, അനേകം മിഷ്യനറിമാരെ ദൈവം നൽകിയിരിക്കുന്നു എന്നും മനസ്സിലാക്കി. 1874-ൽ അദ്ദേഹം തന്റെ മുഖം ചൈനയുടെ പടിഞ്ഞാറൻ പ്രവിശ്യകളിലേക്ക് തിരിച്ചു. അവിടെ താമസക്കാരായ മിഷ്യനറിമാരോ പ്രവർത്തനങ്ങളോ ഇല്ല എന്നും താൻ മനസിലാക്കി. “എന്റെ ആത്മാവ് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു, അതെ എത്ര അത്യാവശ്യമായിരിക്കുന്നു. ഇപ്രകാരം ആ നാളുകളിൽ താൻ എഴുതി, “ ആയിരക്കണക്കിന് പ്രദേശങ്ങളിൽ സുവിശേഷം കേട്ടിട്ടില്ലാത്തവരുണ്ട്. ഒരു നൂറു ജീവിതം എനിക്ക് കിട്ടിയെങ്കിൽ അവരുടെ നന്മയ്ക്കായി ചെലവിടാമായിരുന്നു”! ❖

എന്തുകൊണ്ട് ഇരുൾ നമ്മുടെ ദേശത്തു വസിക്കുന്നു? നമുക്ക് എന്തു ചെയ്യുവാൻ കഴിയും?

By Bill Elliff

നമ്മുടെ ചുറ്റുപാടും വർദ്ധിച്ചു വരുന്ന ദുഷ്ടതയെ എങ്ങനെ നമുക്ക് വ്യാഖ്യാനിക്കാൻ കഴിയും? ദുഷ്ട ചിന്തകളെ തെറ്റായി ശാസിക്കുന്നത് ശരിയാണോ? നമ്മുടെ കുഞ്ഞുങ്ങളിൽ പൈശാചികമായ വഞ്ചനകൾ കണ്ടാൽ അതിനെ പൊതിഞ്ഞു വയ്ക്കേണമോ? ലൈംഗിക അരാജകത്വം അതു പ്രായോഗികമാക്കുക മാത്രമല്ല അതിനെ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നതിനെ അനുമോദിക്കണമോ, അതിനെ പ്രസിദ്ധമാക്കണേമോ? കുറ്റകൃത്യങ്ങളും ഭീകര പ്രവർത്തനങ്ങളും വർദ്ധിക്കുന്നില്ലേ? ഒരിക്കൽ മനോഹരം, പിന്നെ പട്ടണങ്ങൾ വക്രതയും അരാജകത്വവും അധികം വർദ്ധിക്കുന്നില്ലേ?

നിങ്ങളുടെ ചുറ്റും മോശമായ ചുറ്റുപാടുകൾ ഏറുന്നതിനെക്കുറിച്ച് ചിന്തിക്കുക. എന്ത് കൊണ്ടിങ്ങനെ സംഭവിക്കുന്നു? 50 വർഷങ്ങൾക്ക് മുമ്പ് നമ്മുടെ രാജ്യത്ത് ഇങ്ങനെയുള്ള കാര്യങ്ങൾ സംഭവിച്ചിട്ടുണ്ടോ?

ഒരു ആഴമായ ഉറവിടം

നമ്മുടെ ഒരേയൊരു പ്രത്യാശയെന്നത് ഈ അധ:പതിച്ച അവസ്ഥയെ, ശരിയായി അതിന്റെ കാരണം കണ്ടുപിടിക്കയെന്നതാണ്. ദൈവഭക്തിയില്ലായ്മയെക്കുറിച്ചു ഒരു വിശദീകരണം പറയുമ്പോൾ, ഒരു പക്ഷേ നിങ്ങൾ ആളുകളെക്കുറിച്ച് പറയും, അഥവാ ഗൺമെന്റിനെക്കുറിച്ച് പറയും, മാദ്ധ്യമങ്ങളെക്കുറിച്ചോ ഉല്ലാസവേളകളെക്കുറിച്ചോ പറയും, കുടുംബത്തകർച്ചയെയോ വിദ്യാഭ്യാസത്തെയോ കുറിച്ച് പറയും. എന്നാൽ യഥാർത്ഥ കാരണങ്ങളെക്കുറിച്ച് നിങ്ങൾ വിട്ടു കളയുന്നു. ഇവയൊക്കെ ആഴമായതിന്റെ പുറമേയുള്ള വെളിപ്പാടുകൾ ആണ്, അധികം വഷളത്വത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു.

അപ്പോസ്തലനായ പൗലൊസ്, ദൈവാത്മാവിൽ പ്രേരിതനായി, 2000 വർഷം പഴക്കമുള്ള മരണം കേന്ദ്രീകൃതമായ ഒരു ഉത്തരം പറയുന്നുണ്ട്, “ നമുക്ക് പോരട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ ” (എഫെ. 6:12).

ആ വാക്യം സൂക്ഷ്മമായി അപഗ്രഥച്ചു നിങ്ങളുടെ അറിവിനൊത്തവണ്ണം പഠിക്കേണം. നാം കേവലം ഒരു മാനുഷിക ശക്തിയോടല്ല പോരാടുന്നത്. ഈ സങ്കടകരമായ അവസ്ഥയുടെ ചരടു വലിക്കുന്നത് ഒരു താഴ്ന്ന നിലവാരത്തിൽ നിന്നാണ്. ഒരു കരുതലില്ലാത്ത, അലിവില്ലാത്ത, ദുഷ്ടനായ വന്റെ ദൈവത്തോടും അവിടുത്തെ സകല പ്രവൃത്തിയോടും അവിടുത്തെ പഴയ ശത്രുവായ സാത്താന്റെ പോരാട്ടമാണ്. അവൻ ആജ്ഞ കൊടുക്കുന്നു.

വാഴ്ചകൾ: അവരുടെ മരണകരമായ പദ്ധതികൾ, അവർ വാഴുന്ന അധികാര പരിധിയിൽ പൂർത്തീകരിക്കുന്നതിനു വേണ്ടി ആജ്ഞ കൊടുക്കുന്നു.

അധികാരങ്ങൾ: തങ്ങൾ പ്രവർത്തിക്കുന്ന മണ്ഡലത്തിൽ അധികാരം നടപ്പാക്കേണ്ടതിന് ആജ്ഞാപിക്കുന്നു. അവർ അത്ര മോശക്കാരല്ല, എന്നാൽ ശക്തന്മാരാണ് അവർ.

ഈ അന്ധകാരത്തിന്റെ ലോകാധിപതി; ഇവ സാധാരണമായ പ്രാദേശികമായ ശത്രുക്കൾ അല്ല. അവർ ലോകത്തിൽ വ്യാപകമായി അധികാരം നടത്തുന്നവരാണ്, അവർ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ ഇരുട്ടുകൊണ്ടു മൂടുന്നു. ഇത് നന്നായി പദ്ധതി തയ്യാറാക്കിയുള്ള പോരാട്ടമാണ്. എല്ലാറ്റെയും പുറത്താക്കാനുള്ള പോരാട്ടമാണ്. അവർ ആളുകൾക്കും പദ്ധതികൾ ക്കും, ഉറവിടങ്ങൾക്കും ആ ജ്ഞ കൊടുക്കുന്നു. എല്ലാറ്റെയും പുറത്താക്കി അധികാരം സ്ഥാപിക്കുക എന്നതാണ് അവന്റെ ല ക്ഷ്യം.

സ്വർലോകങ്ങളിലെ ദുഷ്ടാത്മ സേന

ലോകത്തിൽ വലിയ പോരാട്ടം നടക്കുകയാണ്. സാത്താന്റെ വീഴ്ചയിൽ തുടങ്ങിയതാണ് പോരാട്ടം, ഇതിന് അവസാനമില്ല. ഇതിന്റെ ആസ്ഥാനം കാണാൻ കഴിഞ്ഞതാണ്. എന്നാൽ പോരാട്ടം ഭൂമിയിലാണ്. സാത്താനും കൂട്ടരും നൂറുശതമാനം ദുഷ്ടത നിറഞ്ഞവരാണ്, തന്റെ ആക്രമണം ദൈവത്തോടും അവിടുത്തെ പ്രവൃത്തികളോടും അത്രേ. അവന്റെ പ്രകൃതി എന്നത്, മോഷ്ടിക്കുക, കൊല്ലുക, ഒരു കരുണയും ഇല്ലാതെ നശിപ്പിക്കുക.

കാണപ്പെടുന്ന ലോകത്തെ നോക്കുമ്പോൾ, ഈ പോരാട്ടം സ്വർഗ്ഗസ്ഥങ്ങളിലും ഭൂമിയിലേതുപോലെ തന്നെ നടക്കുകയാണ്. കെട്ടുകഥയും, കുട്ടിക്കളിയും പരിഹാസപരമാകയാൽ അനേകർ ഇതിനെ തള്ളിക്കളയുന്നു. സാത്താൻ തീരുമാനിക്കുന്നത് നടത്താൻ ശ്രമിക്കുന്നു. നാം നോക്കേണ്ടത് വേദപുസ്തകത്തിന്റെ ഉൾക്കാഴ്ചയോടെയും ആത്മിക കണ്ണുകളാലുമാണ്. ബുദ്ധിയുള്ള പുരുഷന്മാരും ആത്മീയരായ സ്ത്രീകളും ഒരു പോലെ സാത്താന്റെ നോട്ടപ്പുള്ളികളാണ്, ദൈവത്തിന്റെ സേനകളെ അവൻ നിരന്തരം ആക്രമിക്കുന്നു.

ഈ പോരാട്ടത്തിൽ നമുക്ക് എന്ത് ചെയ്യാൻ കഴിയും?

പൗലൊസ് ഈ പോരാട്ടത്തെക്കുറിച്ച് പറയുന്നു നിനക്കാവശ്യമായ എല്ലാ ഒത്താശകളും പോരാട്ടത്തിന്റെ വിജയത്തിനായി കർത്താവു തരുന്നു. നമ്മുടെ പ്രത്യാശയ്ക്കും ഭംഗം വരുത്തേണ്ട ആവശ്യം ഇല്ല. യുദ്ധത്തിന് മങ്ങലേല്പിക്കേണ്ട കാര്യവുമില്ല. അന്തിമവിജയം ഒഴിഞ്ഞ കല്ലറ നമുക്ക് ഉറപ്പുതരുന്നു, എന്നാൽ ഈ പോരാട്ടം പൂർണ്ണമായി ഭൂമിയിൽ അവസാനിക്കുന്നില്ല, കർത്താവിന്റെ ഉദ്ദേശത്തിന്റെ പൂർത്തീകരണം വരെ ഈ പോരാട്ടം തുടരും.

“ കർത്താവിൽ ധൈര്യമായിരിക്ക ” (എഫെ. 6:10). നമുക്ക് സ്വന്തം എന്ന് പറയാൻ ഒന്നുമില്ല. നമ്മുടെ വലിയ രക്ഷകൻ തന്റെ പരിശുദ്ധാത്മാവിനെ വിശ്വസിക്കുന്നവർക്കു മേൽ പകർന്നിരിക്കുന്നു. നിങ്ങൾ ദൈവത്തിൽ നിന്നുള്ളവർ ആകുന്നു, അവരെ ജയിച്ചു മിരിക്കുന്നു. “ നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവൻ ആകുന്നു ” (1യോഹ. 4:4). നമ്മുടെ സ്വന്ത ബലത്തെ കൈമാറരുത്. എന്നാൽ ദൈവത്തിനായി പൊരുതാം. താഴ്മയോടെ ശക്തീകരിക്കുന്ന ദൈവത്തിങ്കലേക്ക് നോക്കാം, ഓരോ പോരാട്ടത്തിലും ചോർന്നു പോകാത്ത ശക്തിയെ പ്രാപിക്കാം.

“ സർവ്വായുധവർഗ്ഗം ധരിപ്പിൻ ” (എഫെ. 6.11-17). പൗലൊസ് അപ്പോസ്തലൻ നാം ധരിക്കുവാനുള്ള ആയുധങ്ങൾ ഓരോന്നിനെയും കുറിച്ച് വിവരിക്കുന്നു.

(ശേഷം 7-ാം പേജിൽ)

ക്രിസ്തു എല്ലായ്പ്പോഴും നമ്മോടുകൂടെ

By Octavius Winslow

" ഞാനോ, ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട് " (മത്താ. 28:20).

ദൈവത്തിന്റെ അടിസ്ഥാന ഗുണങ്ങളിലൊന്നായ സർവ്വ വ്യാപി എന്ന പദം ക്രിസ്തുവിന് പറഞ്ഞിരിക്കുന്നു. സാന്ത്വനിപ്പിക്കുന്ന ചിന്ത. യേശു തന്റെ വിശുദ്ധന്മാരോടുകൂടെ എപ്പോഴുമുണ്ട്, എല്ലായിടത്തും, എല്ലാ സാഹചര്യങ്ങളിലും. അവിടുന്ന് " ദൈവം നമ്മോടുകൂടെ ആണ് ". അവരുടെ സങ്കടത്തിന്റെ വേളകളിൽ അവരെ ആശ്വസിപ്പിക്കുവാൻ അവിടുന്ന് അവരോടുകൂടെയുണ്ട്, ഇരുളിൽ പ്രകാശമായി അവിടുന്ന് കൂടെയുണ്ട്. സംശയത്തിന്റെ അനിശ്ചിതത്വത്തിന്റെ വേളകളിൽ വഴി നടത്തുവാൻ അവിടുന്ന് കൂടെയുണ്ട്, പ്രതിസന്ധിയിൽ നിന്നും വിടുവിക്കുവാനായി അവിടുന്ന് കൂടെയുണ്ട്, മരണത്തിൽ നിന്നും വിടുവിച്ച് രക്ഷിക്കുന്നതിനായി അവിടുന്ന് കൂടെയുണ്ട്. പ്രിയ വായനക്കാരാ, നിങ്ങൾ ഒരു ദുഖ പുത്രൻ ആണോ? ഒരു പക്ഷേ നിങ്ങൾ പ്രതിസന്ധിയിലായിരിക്കുന്ന മകനോ മകളോ ആയിരിക്കും? നിങ്ങൾ തീച്ചൂളയിൽ കൂടി കടന്നു പോകുന്ന വ്യക്തി ആയിരിക്കാം; പരീക്ഷകന്റെ കയ്പുകാടി കുടിക്കുന്ന അനുഭവത്തിലായിരിക്കാം; ഉടമ്പടിയുടെ ദണ്ഡ് നിങ്ങൾക്ക് ഭാരമായിരിക്കാം. ദയയില്ലാത്ത സ്നേഹിതർ, ഒഴിഞ്ഞ ലോകം, മാറുന്ന ലോകം, വിശ്വാസം തണുത്തത്, ബലവത്തായ കുറ്റവാസനകൾ. എന്തു കഷ്ടത, എന്ത് ഇരുട്ട്. നിങ്ങളുടെ പിതാവ് അവയിൽ നിന്നൊക്കെയും തനിക്ക് പ്രിയരായവരെ അവിടുന്ന് മറയ്ക്കും. അങ്ങനെയെങ്കിൽ ? ഇപ്പോഴും സർവ്വ വ്യാപിയായ യേശു കൂടെയുണ്ട്. എറിഞ്ഞു കളയരുത്; തീച്ചൂള തകരത്തെ കത്തിച്ചുകളയും എന്നാൽ പൊന്നിനെ അധികം തിളക്കമുള്ളതാക്കിത്തീർക്കും; ഈ വരൾച്ച നിങ്ങളുടെ ആന്തരിക നന്മയെ പുറത്തു കൊണ്ടുവരും; ലോകത്തിലുള്ളതൊക്കെയും മാറ്റമുള്ളതാണെന്ന് നിങ്ങളുടെ വേദനകളിലൂടെ നിങ്ങൾ പഠിക്കുന്നു; എന്നാൽ തന്റെ കുഞ്ഞുങ്ങളെ താഴ്ചയുള്ള തൃപ്തി തരാത്ത ഈ ലോകത്തിൽ നിന്നും വിളിച്ച് തന്റെ അരികിലേക്ക് ചേർത്തു കൊള്ളുന്ന യേശു. പിന്നെ സന്തോഷത്തോടെ ആയിരിക്കാം, അവിടുന്നു വാഗ്ദത്തം ചെയ്തു. ഞാൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കയും ഇല്ല. " ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല ഉപേക്ഷിക്കയും ഇല്ല. ആകയാൽ കർത്താവ് എനിക്കു തുണ, ഞാൻ പേടിക്കയില്ല, മനുഷ്യൻ എന്നോട് എന്തു ചെയ്യും " എന്ന് നമുക്ക് ധൈര്യത്തോടെ പറയാം. (എബ്രാ. 13:5,6).

❖

ക്രിസ്തുവിന്റെ കൊടിക്കീഴിൽ മുന്നോട്ട്

By Lois J. Stucky

എത്ര ഭീതിജനകവും ക്രൂരവും ഭീകരവുമായിട്ടാണ് അനേകം ആളുകൾ ഈ ദിവസങ്ങളിൽ ഭീകരമായ കൊടുംങ്കാറ്റിനെയും അന്ധകാരശക്തികളേയും എതിരിടുന്നത്. എങ്ങനെയാണ് ദൈവമക്കൾ വഴി വിളക്കുകൾ പോലെ ലോകത്തിന് വഴി കാട്ടിയായിത്തീരുന്നത്? നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നാം പ്രകാശിക്കപ്പെടേണം. വ്യത്തിയുള്ള, ശുദ്ധിയുള്ള ഒരു ഹൃദയം പ്രാപിച്ചിട്ട്, വിശുദ്ധീകരിക്കപ്പെട്ടവരായി പരിശുദ്ധാത്മാവിനാലും ദൈവചനത്താലും നിറയപ്പെട്ടവരായും ഇരിക്കണം.

തുടർച്ചയായി നാം ദൈവത്തോട് ഒരു ഉണർവ്വിനായി പ്രാർത്ഥിക്കേണം! ദൈവസാന്നിദ്ധ്യം ശക്തിയോടെ ഇറങ്ങി ആളുകൾക്ക് ഒരു മാനസാന്തരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കേണം. ഈ അന്ത്യനാളുകളിൽ ഒരു കൊയ്ത്തുണ്ടാകേണ്ടതിന് ഉണർത്തപ്പെട്ട സഭകൾ ഉണ്ടാകേണ്ടത് ആവശ്യം. ഇന്ന് എവിടെ നോക്കിയാലും ഒരു ഉണർവ്വ് ഉണ്ടാകേണ്ടതാവശ്യം. ചിലർ ക്രിസ്തു വിരോധികൾ. മറ്റുള്ളവർ ഒരു വിധം ഭക്തിയിൽ ജീവിക്കുന്നവർ പക്ഷേ ക്രിസ്തു ഇല്ലാതെ ജീവിക്കുന്നവർ ലോകത്തിലും അതിന്റെ ധനത്തിലും ആശ്രയിക്കുന്നവർ, ദൈവസന്നിധിയിൽ സമയം വേർതിരിക്കുന്നില്ല. ഇങ്ങനെയുള്ള ഹൃദയങ്ങളിൽ ഒരു ഉണർവ്വ് അയയ്ക്കുവാൻ നമ്മുടെ ദൈവത്തിന് കഴിയുമോ?

അതെ, ദൈവത്തിന് എല്ലാം സാദ്ധ്യം. യേശു പറഞ്ഞു, " സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെ നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയുണ്ട് " (മത്താ. 28:18-20).

കർത്താവായ യേശു ക്രിസ്തു സാത്താന്റെ അധികാരത്തിൽ നിന്നും മാനവജാതിയെ രക്ഷിപ്പാൻ ലോകത്തിലേയ്ക്ക് വന്നു. അവിടുന്ന് ക്രൂശിക്കപ്പെട്ടു, എന്നാൽ അവിടുന്ന് ഉയിർത്തെഴുന്നേറ്റു. ഈ അനുഗ്രഹിക്കപ്പെട്ട ജീവിതത്തന്റെ ഓഹരിക്കാരായി നമ്മെ തെരഞ്ഞെടുത്തു, കർത്താവിന്റെ വേല ചെയ്യുവാനുള്ള ഭാഗ്യം നമുക്കു നൽകി. അനേകരെ ഈ കൃപയിൽ ഭാഗഭാക്കായി ഒരുക്കിയെടുക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ.

150 വർഷങ്ങൾക്ക് മുമ്പ് ജയിംസ് മോൺഡ് ഗോമറി എന്ന ദൈവദാസൻ തന്റെ സഭക്കു വേണ്ടി, ചില വരികൾ എഴുതി. ക്രിസ്തു തന്റെ രക്തം കൊടുത്തു വിലയ്ക്ക് വാങ്ങിയ പടയാളികൾ, തന്റെ കൊടിക്കീഴിൽ വിജയകരമായി പോകുന്നതിനെക്കുറിച്ച് മോൺഡ് ഗോമറി ദർശനം പ്രാപിച്ച് ഇങ്ങനെ എഴുതി.

ചെറുതാണ്, കുറവാണ്,. ക്ഷീണിതരാണ് ഞങ്ങളുടെ കൂട്ടം എങ്കിലും,

(ശേഷം 8-ാം പേജിൽ)

(2-ാംപേജിന്റെ തുടർച്ച)

എന്നേയ്ക്കും ജീവിക്കുന്ന നമ്മുടെ മദ്ധ്യസ്ഥൻ

യപ്പെടുത്തുവാൻ സൂക്ഷ്മമായി കാര്യം കണ്ടെത്തുവാൻ ശ്രമിക്കുകയാണ്. പത്രോസിന്റെ കാര്യത്തിൽ അത് സത്യമാണ്. ശീമോനേ, ശീമോനേ സാത്താൻ നിങ്ങളെ കോതമ്പുപോലെ പാറ്റേണ്ടതിന് കല്പന ചോദിച്ചു. ഞാനോ, നിന്റെ വിശ്വാസം പൊയ്പോകാതിരിപ്പാൻ നിനക്കു വേണ്ടി അപേക്ഷിച്ചു, എന്നാൽ നീ ഒരു സമയം തിരിഞ്ഞു വന്നശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക " (ലൂക്കൊ. 22:31,32). എത്ര വിചിത്രമായിട്ടാണ് സാത്താന്റെ കയ്യിൽ യേശുക്രിസ്തുവിന്റെ പ്രാർത്ഥനയാൽ നമ്മെ മറെച്ചുകാക്കുന്നത്! നമുക്കറിയില്ല, എന്റെ പ്രീയ സഹോദരങ്ങളെ, എത്ര തീയമ്പുകളാണ് കർത്താവിന്റെ മദ്ധ്യസ്ഥതയുടെ പരിച പിടിച്ചെടുക്കുന്നത്. പതിനായിരങ്ങൾ ആണ് ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയാൽ അനുഗ്രഹിക്കപ്പെടുന്നത്.

കർത്താവു ചോദിക്കുന്നു, " നീ സമുദ്രത്തിന്റെ ഉറവുകളോളം ചെന്നിട്ടുണ്ടോ? ആഴിയുടെ ആഴത്തിൽ സഞ്ചരിച്ചിട്ടുണ്ടോ "? (ഇയ്യോ. 38:16). തീർച്ചയായും കർത്താവിന്റെ മദ്ധ്യസ്ഥത അനേക അനുഗ്രഹ സമുദ്രങ്ങളുടെ ഉറവിടമാണ്. അങ്ങനെ നമ്മുടെ വിശ്വാസം വർദ്ധിച്ചിട്ട് അഗ്നി അശ്വങ്ങളാലും അഗ്നി രഥങ്ങളാലും തന്റെ ജനത്തെ കാക്കുന്ന ഉന്നത ദർശനത്തിലേക്ക് നടത്തുന്നു. ആര് ആകുതിരകളെ നയിക്കുന്നു? ആര് ആ രഥങ്ങളെ നിയന്ത്രിക്കുന്നു? ദൈവത്തിന്റെ സൈന്യത്തെ നയിക്കുന്ന ആത്മാവിന്റെ സൈന്യത്തിന്റെ നായകൻ ആരാണ്? ആര്, നമ്മോടുകൂടെയുള്ള രാജാവ്, അവിടുത്തെ ശക്തിയായ മദ്ധ്യസ്ഥതയാൽ, സകലത്തേയും നമുക്കുവേണ്ടി ഭരിച്ചു നടത്തുന്നു.

കർത്താവായ യേശുക്രിസ്തു തന്റെ ഇടമുറിയാതെയുള്ള അപേക്ഷയാൽ, ഇരുട്ടിന്റെ ശക്തികളിൽ നിന്നും നമ്മെ വിടുവിച്ചു കാക്കുന്നു, നമ്മുടെ വിടുതലിനുവേണ്ടിയുള്ള വെളിച്ചം പ്രകാശിപ്പിക്കുന്നു. നാം ജീവിക്കുകയും ചലിക്കുകയും ചെയ്യുന്ന അന്തരീക്ഷത്തെ അവിടുത്തെ പ്രാർത്ഥന ഒരുക്കുന്നു. നാം അറിയുന്നില്ല, നമുക്കു കൂട്ടുവാൻ കഴിയില്ല, ഇടമുറിയാത്ത, ക്ഷീണിച്ചുപോകാത്ത, അവിടുത്തെ മദ്ധ്യസ്ഥതയ്ക്കുമുമ്പിൽ എത്ര ആഴമായ കടപ്പാടാണ് നമുക്കുള്ളത്. സമയം ഇനി ഏറെയില്ല, സകല വിശുദ്ധന്മാരും രക്ഷിക്കപ്പെടും, അവിടുത്തെ അവസാനമില്ലാത്ത മദ്ധ്യസ്ഥതയുടെ ഫലം നാം കാണും. ❖

(5-ാംപേജിന്റെ തുടർച്ച)

എന്തുകൊണ്ട് ഇരുൾ ..... എന്തു ചെയ്യാൻ കഴിയും

സത്യം, നീതി സമാധാനത്തിന്റെ സുവിശേഷം, വിശ്വാസം എന്ന പരിച, രക്ഷ എന്ന ശിരസ്ത്രം എന്നിവ പോരാട്ടത്തിൽ നമ്മുടെ സുരക്ഷിതത്വത്തിനായി അവിടുന്നു നൽകിയിരിക്കുന്നു, " ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവതന്നെ. (2 കൊരി. 10:4). കേവലം മനുഷ്യരുടെ മുമ്പിൽ നഗ്നരായി നില്ക്കേണ്ട ആവശ്യം ഇല്ല, ശക്തിയുള്ള ആയുധങ്ങളെക്കൊണ്ട് നമ്മെ ധരിപ്പിച്ചിരിക്കുകയാണ്.

ഇടവിടാതെ പ്രാർത്ഥിപ്പിൻ (എഫെ. 6:18). നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ആയുധം എന്നത് (ദിവസംതോറും ജയമെടുത്തു മുന്നേറുവാനുള്ള വചനത്തിലധിഷ്ഠിതമായ പ്രാർത്ഥനയാണ്. എല്ലാ രീതിയിലും ഉള്ള പ്രാർത്ഥന, എല്ലായ്പ്പോഴും, എല്ലാ സുരക്ഷയ്ക്കും വേണ്ടി, എല്ലാ വിശുദ്ധന്മാർക്കും വേണ്ടി പ്രാർത്ഥിക്കുന്നു.

എന്തുകൊണ്ടാണ് പ്രാർത്ഥന ശക്തിമത്തായിരിക്കുന്നത്? പ്രാർത്ഥന, ദൈവത്തെ നമ്മുടെ പ്രശ്ന സ്ഥലത്തേയ്ക്കു കൂട്ടിക്കൊണ്ട് വരികയാണ്, സ്വർഗ്ഗീയ പരിവാരങ്ങളോടുകൂടെ കൊണ്ടുവരികയാണ്. ദൈവത്തിന്റെ സൈന്യങ്ങൾ പൂർണ്ണമായി ചെറുത്തുനില്ക്കാൻ കഴിയാതെയാവുകയാണ്. അതുകൊണ്ടാണ് നാം പ്രാർത്ഥിക്കാൻ തുടങ്ങുന്നതു വരെ സാത്താൻ നമ്മെ ഭയക്കാത്തത്.

ദു:ഖത്തോടെ പറയട്ടെ, അനേക വിശ്വാസികളും ആയിരക്കണക്കിന് സഭകളും ശത്രുവിനെ പരാജയപ്പെടുത്തുവാനുള്ള ഈ ആയുധം ഉപയോഗിക്കുന്നില്ല. അവർ അത്ഭുതപ്പെടുന്നു, എന്തുകൊണ്ട് ഞങ്ങൾ പരാജയപ്പെടുന്നു, ആളുകൾ സഭയിൽ കടന്നു വരാത്തതെന്തുകൊണ്ട്, പുതിയ തലമുറ ദൈവത്തിനായി എഴുന്നേൽക്കാത്തത് എന്തുകൊണ്ട്. എന്തുകൊണ്ട് ഞങ്ങളുടെ പോരാട്ടങ്ങൾ നാട്യങ്ങളായ, ദു:ഖപര്യവസായിയായി കാണപ്പെടുന്നു. നാം ഇപ്പോൾ യുദ്ധക്കളത്തിൽ ആണോ എന്നു പോലും അറിയില്ല.

ധൈര്യത്തോടെ സാക്ഷ്യം വഹിക്കുക (എഫെ. 6:19,20). പൗലൊസ് അന്ത്യ അഭിലാ, മായി അവരോട് പറയുന്നത്, താൻ ആയിരിക്കുന്ന ആവലിയ വേലയിൽ തനിക്കുവേണ്ടി പ്രാർത്ഥിക്കുക. അവൻ മുന്നമേ അവരോട് പറഞ്ഞ് ഏല്പിക്കുന്നത്, ആടിപ്പോകാതെ, അലഞ്ഞുപോകാതെ, അയവുവരുത്താതെ ക്രിസ്തുവിന്റെ സുവിശേഷം ധൈര്യത്തോടെ പറയുവാൻ ഇടവരുത്തുമാറാകട്ടെ.

" ഞാൻ ചങ്ങല ധരിച്ച് സ്ഥാനാപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം പ്രാഗല്ഭ്യത്തോടെ അറിയിപ്പാൻ എന്റെ വായ് തുറക്കുമ്പോൾ എനിക്ക് വചനം നൽകപ്പെടേണ്ടതിനും ഞാൻ സംസാരിക്കേണ്ടും വണ്ണം അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേണ്ടതിനും പ്രാർത്ഥിപ്പിൻ " (വാക്യം 19).

നമ്മുടെ ചിന്ത ഇതായിരിക്കട്ടെ, സാത്താന്റെ അടിമത്വത്തിൽ നിന്നും ആളുകളെ രക്ഷിച്ചെടുക്കുവാൻ സുവിശേഷത്തിന്റെ വെളിച്ചം അവരിൽ പ്രകാശിക്കേണ്ടതിനായി പ്രവർത്തിക്കാം. നാം ഒരു കേവലം പടയാളിയായിട്ടല്ല, എന്നാൽ സുവിശേഷത്തിന്റെ ശബ്ദവുമായി നമ്മുടെ വായ്കളെ തുറന്ന് മുന്നമേ ദൈവത്തിന്റെ രാജ്യത്തിനായി പോരാടാം.

ഒരേ ലക്ഷ്യവുമായി നാം നിൽക്കുന്ന സമൂഹത്തിൽ പരിശുദ്ധാത്മാവിന്റെ ചലനം സൃഷ്ടിച്ചെടുക്കാം. പുരുഷന്മാർക്കും സ്ത്രീകൾക്കും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരു രൂപാന്തരം ഉണ്ടാകട്ടെ, നമ്മുടെ ഭാഷയിൽ ഗോത്രങ്ങളിൽ നമ്മുടെ രാജ്യത്തിന്, ആളുകൾക്ക് കർത്താവായ യേശുവിന്റെ സുവിശേഷം കേട്ട് വിശ്വസിച്ച് ദൈവകൃപയിൽ പ്രകാശിക്കട്ടെ.

ഇത് കേവലം പൗലൊസിന്റെ മാത്രം ശുശ്രൂഷയല്ല, നാമും അതിനായി വിളിക്കപ്പെട്ടിരിക്കുന്നു. നമ്മെ ദൈവം വിളിച്ച് മുൻനിരയിൽ നിർത്തിയിരിക്കുന്നു. നമ്മുടെ വീട്ടിൽ വിളിച്ചു ചേർക്കപ്പെടുന്ന നാൾവരെ, ഒരു പദവിയായി ചുമതലയായി ഓരോ ദിവസവും കർത്താവിന്റെ വേല ചെയ്യാം. ❖

(7-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ കൊടിക്കീഴിൽ മുന്നോട്ട്

അവിടുത്തെ നേതൃത്വത്തിന്റെ ബലത്തിൽ ഞങ്ങൾ പോകുന്നു ഞങ്ങൾ മുഴുലോകത്തേയും കീഴടക്കുവാൻ -
എല്ലാം അവിടുത്തെ രാജ്യത്തിൻ വിസ്തൃതിയ്ക്കയി
അവർ കീഴടങ്ങുന്നു അവിടുത്തെ ജയിക്കുന്ന പാദങ്ങളിൽ
അവിടുത്തേയ്ക്കു സന്തോഷമുള്ള ഗീതങ്ങളാൽ,
പാടുക നിങ്ങൾ പ്രതിഫലങ്ങൾക്കായി
ന്യായവിധിയുടെ അന്ത്യദിനത്തിൽ,
ഭയം വേണ്ട, ക്ഷീണം, വിരാമം ഇപ്പോൾ വേണ്ട!
ഉപേക്ഷിക്കരുത്, മനുഷ്യരെപ്പോലെ, ധൈര്യമായിരിക്ക!
ക്രിസ്തുവിന്റെ മുമ്പിൽ വണങ്ങും എല്ലാ രാജ്യങ്ങളും പാടും ജയഗീതങ്ങൾ
താമ്രവാതിലുകൾ ഉയർത്തപ്പെട്ടിരിക്കുന്നു,
ഇരുമ്പു വാതിലുകൾ കീഴടങ്ങും;
ഇതാ കടന്നുപോകുന്നു മഹത്വത്തിന്റെ രാജാവ്;
ക്രൂശ് ജയിച്ചിരിക്കുന്നു.

ധൈര്യത്തന്റെയും സംരക്ഷണത്തിന്റെയും അത്ഭുതകരമായ ദൈവീക വാഗ്ദത്തങ്ങൾ, സാത്താന്റെമേൽ അന്തിമ വിജയം നേടിയ ക്രിസ്തുവിന്റെ പങ്കാളികളായ് ഇത് ക്രിസ്തുവിന്റെ വാഗ്ദത്ത പ്രകാരം എഴുന്നേറ്റ് മുന്നേറുവാനുള്ള അവസരം, അവിടുത്തെ ബലത്തിൽ ധൈര്യപ്പെട്ട്, ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവജനത്തെ ക്കൂട്ടി പ്രതിഫലം പ്രാപിപ്പാനായി മുന്നോട്ട് പോകാം; ശക്തരായ നാം, അവിടുത്തെ സഭ, കൃപയാൽ കർത്താവിനാൽ വീണ്ടെടുക്കപ്പെട്ടവർ, കർത്താവായ യേശുക്രിസ്തുവിന്റെ ആജ്ഞയനുസരിച്ച് പൂർണ്ണ അനുസരണത്തോടെ മുന്നോട്ടു പോകാം. സുവിശേഷവുമായി മുന്നേറാം, കർത്താവിന്റെ വരവിനായി കാത്തിരിക്കാം. ❖

ക്രിസ്തുവിന്റെ പടയാളികളേ എഴുന്നേൽക്കുക!

By Charles Wesley

ക്രിസ്തുവിന്റെ പടയാളികളേ എഴുന്നേൽക്കുക,
നിങ്ങൾ സർവ്വായുധവർഗ്ഗം ധരിക്കുക,
ദൈവം നൽകുന്ന ബലത്തിൽ തന്റെ നിത്യ പുത്രനിലൂടെ;
കർത്താവിന്റെ സൈന്യത്തിന്റെ ബലത്താൽ,
അവിടുത്തെ ബലത്തിന്റെ വല്ലഭത്വത്താൽ,
കർത്താവിന്റെ ബലത്തിലുള്ള ആശ്രയത്താൽ,
അധികം പോരാടാം.

അവിടുത്തെ വലിയശക്തിയാൽ നമുക്കു കൂടെ നില്ക്കാം,
അവിടുത്തെ ശക്തിയാൽ കീഴ്പെടുത്താം;
യുദ്ധത്തിന് കൈകൊടുക്കാം,
ദൈവത്തിന്റെ പടച്ചട്ട അണിയാം,
എല്ലാം ചെയ്യുന്നവൻ,
നമ്മൾ മറികടക്കും ക്രിസ്തുവിലൂടെ മാത്രം,
ഒടുവിൽ എല്ലാം പൂർത്തിയാക്കി നില്ക്കും

കാവലില്ലാത്ത സ്ഥലങ്ങളെ ഒഴിയാം
ആത്മാവിന്റെ ക്ഷീണമില്ലാതെ,
കൃപകളും നന്മകളും കരങ്ങളിലേന്തി,
സുരക്ഷിതരാക്കാം മുഴുവൻ ആയുധം നന്നായി സൂക്ഷിക്കാം,
ശ്രദ്ധയോടെ പൊരുതാം,
നായകനെ നോക്കി സ്ഥിരമായി നടക്കാം
കാത്തിരുന്നു പ്രാർത്ഥിക്കാം.

ഇടവിടാതെ പ്രാർത്ഥിക്കാം,
നായകൻ നൽകുന്ന വചനങ്ങൾ;
അവിടുത്തെ വിളിയെ സന്തോഷത്തോടെ അനുസരിക്കാം,
കർത്താവിനെ വിളിച്ചപേക്ഷിക്കാം,
ദൈവത്തോട് നിങ്ങളുടെ ആവശ്യങ്ങളെ പറയാം
ഇടവിടാതെ പ്രാർത്ഥിക്കാം;
എപ്പോഴും പ്രാർത്ഥിക്കാം;
പ്രാർത്ഥിക്കാം, ക്ഷീണിച്ചു പോകാതെ;
പ്രാർത്ഥിക്കാം, ഇടവിടാതെ പ്രാർത്ഥിക്കാം.
കൂട്ടായ്മയിൽ; ഏകമായ്,
ദൈവത്തോട് വിശ്വാസത്താൽ സമീപിക്കാം;
അവിടുത്തെ പ്രാകാരങ്ങളെ അടുത്തു ചെല്ലാം പ്രാർത്ഥിക്കാം തന്റെ സിംഹാസനത്തിങ്കൽ
ശക്തിയോടെ പ്രാർത്ഥിക്കാം,
പോകാം, അവിടുത്തെ ആലയത്തിലേക്ക് പോകാം
തന്റെ യാഗപീഠത്തിൽ നിന്നും മാറല്ലേ;
ഓരോ കുലങ്ങളും അവിടുത്തെ സ്തുതിക്കട്ടെ,
ഓരോ ഹൃദയങ്ങളും തൻ സ്നേഹത്തെ.
ശക്തിമേൽ ശക്തി പ്രാപിച്ച് മുന്നേറാം;
പോരാടാം, യുദ്ധം ചെയ്യാം, പ്രാർത്ഥിക്കാം;
എല്ലാ അന്ധകാരശക്തികളും തകരട്ടെ,
ജയത്തിന്റെ ദിവസമാകട്ടെ;
എപ്പോഴും ആത്മാവിൽ നിലവിളിക്കട്ടെ
എല്ലാ അവിടുത്തെ പടയാളികളായുള്ളോരെ, "വരുവിൻ"!
കർത്താവായ യേശു ഉയരത്തിൽ നിന്നും ഇറങ്ങും വരെ തന്റെ വീട്ടിലേക്ക് നമ്മെ ചേർത്തുകൊള്ളുംവരെ. ❖

ക്രിസ്തു- സത്യമായ ജീവദായകൻ

By J.C.Ryle

"ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴികയില്ല " (യോഹ. 15:5).

നമുക്ക് എല്ലാറ്റെക്കാളും ഉറപ്പായി " ക്രിസ്തുവിൽ വസിക്കാം". ക്രിസ്തുവാണ് ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ ജീവന്റെ സത്യമായ പകർച്ച, ഓരോ കൊമ്പുകളും ആശ്രയിക്കുന്നതല്ല, യഥാർത്ഥ വിശുദ്ധീകരണത്തിനെക്കാൾ കുറഞ്ഞനിലയിൽ ആയിക്കൊണ്ടിരിക്കുകയാണവൻ, ആ രഹസ്യം ഞാൻ അറിയുന്നു. ക്രിസ്തുവിനോട് പറ്റിച്ചേരുന്നതിൽ കുറവു കാണുന്നു. നമ്മുടെ വഴി ചെവ്വായിരിക്കേണം എങ്കിൽ ഫലവും അധികമായിരിക്കും.

സഹോദരന്മാരേ, നമുക്ക് ക്രിസ്തുവിനോട് അടുത്തിരിക്കുവാനും നല്ല കൂട്ടായ്മയ്ക്കും ആഗ്രഹിക്കാം. എപ്പോഴും അവിടുത്തെ അടുത്തേയ്ക്ക് ചെല്ലാം. സ്വാതന്ത്ര്യമായി അവിടുത്തോടു സംസാരിക്കാം, പൂർണ്ണമായി അവിടുത്തെ നാമത്തിൽ ആശ്രയിക്കാം, അവിടുത്തെ മുഖത്തേയ്ക്ക് സ്ഥിരമായി നോക്കാം, അവിടുത്തെ നാമത്തെ വണങ്ങാം. മരുഭൂമിയിൽ ക്ഷീണിച്ചുപോകാതെ നടക്കുവാനുള്ള വഴി ഇതാണ്, നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം ക്ഷമയോടെ ഓടാം. ദൈവപുത്രനിൽ ഉള്ള വിശ്വാസത്തോടെ ജീവിക്കാം. അവിടുന്ന് മുന്തിരിവള്ളി ആണ്, നാം കൊമ്പുകളും ആകുന്നു; എല്ലാ ബലവും അവങ്കൽ നിന്നും വരട്ടെ. അവങ്കൽ നിന്നും വേർപെട്ടു പോയാൽ നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. അവിടുന്ന് നീതിയിൻ സൂര്യനാണ് നമ്മുടെ സംരക്ഷണം ക്രിസ്തുവിൽ നേടാം. നമ്മുടെ തോന്നലുകളോ വഴികളോ അല്ല.

(ശേഷം 9-ാം പേജിൽ)

(8-ാംപേജിന്റെ തുടർച്ച)

ക്രിസ്തു സത്യമായ ജീവദായകൻ

അവിടുന്ന് ജീവന്റെ അപ്പമാണ്. അനുദിനം ക്രിസ്തുവിൽ നമ്മുടെ ഭക്ഷണം കണ്ടെത്താം, യിസ്രായേൽ മന്നാ പെറുക്കിയതുപോലെ, നമ്മുടെ സ്വന്ത പരിചയത്തിലല്ല. ക്രിസ്തു നമുക്ക് എല്ലാം എല്ലാം ആയിരിക്കുന്നു. അവിടുത്തെ രക്തം നമ്മുടെ സമാധാനം; അവിടുത്തെ മദ്ധ്യസ്ഥത നമ്മുടെ ആശ്വാസം; അവിടുത്തെ വചനം നമ്മുടെ അധികാരം; അവിടുന്ന് വേഗത്തിൽ വരും എന്നു നാം പ്രത്യാശിക്കുന്നു. മറ്റുള്ളവർ അവരുടെ ഇഷ്ടംപോലെ പുതിയ പുസ്തകങ്ങൾ തെരഞ്ഞെടുക്കട്ടെ, നമുക്ക് ദൈവത്തിന്റെ വചനം പഠിക്കുവാൻ ഉത്സാഹിക്ക.

ക്രിസ്തു നമ്മുടെ രക്ഷകൻ എന്ന് നാം അറിയുന്നു, എന്നാൽ, അവിടുത്തെ നിറവുകളുടെ ചെറിയൊരംശം മാത്രമേ നാം അറിയുന്നുള്ളൂ. എന്നിൽ വിശ്വസിപ്പിൻ, സൗജന്യവും പൂർണ്ണവുമായ പാപക്ഷമയുടെ അനുഗ്രഹം നാം യാഥാർത്ഥ്യമാക്കുക, നാം വ്യത്യസ്തരായിരിക്കും. മനസാക്ഷിയിൽ പാപപരിഹാര രക്തം തളിക്കപ്പെട്ടവരായിക്കുക, കഴുകപ്പെട്ടവൻ എന്ന ഉറപ്പിൽ ആയിരിക്കുക, നീതീകരിക്കപ്പെട്ടവനായി, പ്രിയനായവനിൽ അംഗീകരിക്കപ്പെട്ടവനായി ഈ മനുഷ്യൻ നശ്ചയമായി വിശുദ്ധൻ ആയിരിക്കും. ഈ മനുഷ്യൻ വളരെ ഫലം കായ്ക്കും. അവൻ സന്തോഷത്തോടെ വേല ചെയ്യും. അവർ കഷ്ടത സഹിക്കും. അവർ ഉറപ്പോടെ സാക്ഷിക്കും, ലജ്ജ കൂടാതെ മുട്ടിക്കൊണ്ടിരിക്കും, അവൻ ഊഷ്മളമായി സ്നേഹിക്കും. വീണ്ടെടുപ്പു എന്നത് അവന്റെ മനസ്സിൽ എപ്പോഴും പുതുക്കമായിരിക്കും, അവന്റെ വീണ്ടെടുപ്പ് എന്നത് അവന്റെ മനസ്സിൽ എപ്പോഴും പുതുക്കമായിരിക്കും, അവന്റെ ചിന്ത എന്നത്, “ യഹോവ എനിക്ക് ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്തു പകരം കൊടുക്കും” (സങ്കീ. 116:12).

സഹോദരന്മാരേ, ക്രിസ്തു വിനോട് നമുക്കു പറ്റിച്ചേരാം. ക്രൂശിനോട് അടുത്തു ചെല്ലാം. യേശുവിന്റെ പാദത്തിൽ ഇരിക്കാം. അപ്പോസ്തലന്മാർ പ്രാപിച്ച് ആത്മാവിനെ പാനം ചെയ്യാം. അപ്പോൾ അവൻ പറയും “ എനിക്ക് ജീവിക്കുന്നത് ക്രിസ്തു ..... (ഫിലി. 1:21). ഇത് നമുക്ക് ചെയ്യാം, നാം വളരും. ❖

നല്ലപോർ പൊരുതുക
By J.C.Ryle

ക്രിസ്തീയ പോരാട്ടം എന്നത് നിസാര കാര്യമല്ല. തിരുവചനം അതിനെക്കുറിച്ച് എന്തു പറയുന്നു?

“ വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക, നിത്യ ജീവനെ പിടിച്ചുകൊൾക ” (1തിമൊ.6:12). “ ക്രിസ്തുയേശുവിന്റെ നല്ലഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക ” (2തിമൊ. 2:3). “ പിശാചിനോട് എതിർത്തു നില്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്കു പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മ സേനയോടും അത്രേ. അതുകൊണ്ട് ദുർദിവസ്തിതൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറെച്ചു നില്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ ” (എഫെ. 6:11-13). “ ഇടുക്കു വാതിലിലൂടെ കടപ്പാൻ പോരാടുവിൻ ” (ലൂക്കൊ. 13:24). “ഉണർന്നിരിപ്പിൻ, വിശ്വാസത്തിൽ നിലനില്പിൻ, പുരുഷത്വം കാണിപ്പിൻ, ശക്തിപ്പെടുവിൻ ” (1കൊരി. 16:13). നീ വിശ്വാസവും നല്ല മനസാക്ഷിയും ഉള്ളവനായി അവയെ അനുസരിച്ച് യുദ്ധ സേവചെയ്യുക (1തിമൊ. 1:18).

ക്രിസ്തുവിലും അവിടുത്തെ വചനത്തിലും വിശ്വസിക്ക

ക്രിസ്ത്യാനിത്വം വിശ്വാസത്തിന്റെ ഒരു പോരാട്ടമാണ്. ക്രിസ്തീയ പോരാട്ടം ഈ ലോകത്തിലെ പോരാട്ടം പോലെയല്ല. കരത്തിന്റെ ബലം ഇതിനാധാരമല്ല, വേഗതയുള്ള കണ്ണുകളും അല്ല, ജഡിക ആയുധങ്ങൾ ഇതിന് പര്യാപ്തമല്ല, എന്നാൽ ആത്മികമാണ്. വിശ്വാസം എന്ന വിജാവരിയിൽ ഇതിന്റെ വിജയം തിരിയുന്നു.

ദൈവവചനത്തിന്റെ സത്യങ്ങളിലുള്ള പൊതുവായിട്ടുള്ള ഒരു വിശ്വാസമാണ് ക്രിസ്തീയ പോരാളിയുടെ സ്വഭാവത്തിന്റെ പ്രധാന അടിസ്ഥാനം. അവൻ എന്തു ആയിരിക്കുന്നുവോ അത് ആകുന്നു, എന്തു ചെയ്യുന്നുവോ അത് ചെയ്യുന്നു, എന്ത് ചിന്തിക്കുന്നുവോ അത് ചിന്തിക്കുന്നു എന്ത് പ്രവർത്തിക്കുന്നുവോ അത് പ്രവർത്തിക്കുന്നു, എന്ത് പ്രത്യാശിക്കുന്നുവോ അത് പ്രത്യാശിക്കുന്നു, എന്തു പെരുമാറുന്നുവോ അതു പെരുമാറുന്നു, ഒരു ലളിതമായ കാര്യത്തിനു വേണ്ടി ഒരു നിശ്ചിത കാര്യത്തിനു വേണ്ടി അവൻ വിശ്വസിക്കുന്നു, തിരുവചനത്തിൽ നാം അതു കാണുന്നു, “ എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പാൻ കഴിയുന്നതല്ല, ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ” (എബ്രാ. 11:6).

കർത്താവായ യേശുക്രിസ്തുവിന്റെ ആളത്വത്തിലുള്ള ഒരു പ്രത്യേക വിശ്വാസം, പ്രവൃത്തിയിലും നിയോഗവും, ജീവിതവും ക്രിസ്തീയ പോരാളിയുടെ ഹൃദയവും പ്രധാന ലക്ഷ്യവും. കണ്ടിട്ടില്ലാത്ത ഒരു രക്ഷകനെ അവൻ കാണുന്നു, സ്നേഹിക്കുന്നവൻ, തന്നെത്താൻ അവനു വേണ്ടി ഏല്പിച്ചുകൊടുത്തവൻ, കടങ്ങൾ അവനു വേണ്ടി കൊടുത്തു തീർത്തവൻ തന്റെ പാപം വഹിച്ചവൻ, അകൃത്യങ്ങളെ ചുമന്നവൻ തനിക്കുവേണ്ടി ഉയിർത്തെഴുന്നേറ്റവൻ, ദൈവത്തിന്റെ വലതുഭാഗത്ത് തനിക്കു വേണ്ടി പക്ഷവാദം ചെയ്തു ജീവിച്ച് തനിക്കായി സ്വർഗ്ഗത്തിൽ പ്രത്യക്ഷനാകയും ചെയ്യുന്നവൻ.

അവൻ യേശുവിനെ കാണുന്നു, അവൻ അവിടുത്തോട് പറ്റിയിരിക്കുന്നു. ഈ രക്ഷകനെ കണ്ട് അവിടുത്തെ നാമത്തിൽ ആശ്രയിക്കുന്നു, സമാധാനവും പ്രത്യാശയും അനുഭവിക്കുന്നു, തന്റെ ആത്മാവിനെതിരെ വരുന്ന പോരാട്ടങ്ങളെ സന്തോഷത്തോടെ എതിരുടന്നു. അവൻ തന്റെ അനേകവിധ പാപങ്ങളെ കണ്ടുപിടിക്കുന്നു, തന്റെ ഹൃദയത്തിന്റെ ബലഹീനതകളെ, ഒരു പരീക്ഷാ ലോകത്തിൽ, ഒരു തിരക്കുള്ള ശത്രുവിനെ; താൻ നിരാശപ്പെടുമാറു തന്നെ നോക്കുന്നവൻ. എന്നാൽ അവൻ കാണുന്നു, ഒരു ശക്തനായ രക്ഷകനെ തനിക്കുവേണ്ടി മദ്ധ്യസ്ഥതയണക്കുന്ന രക്ഷകനെ, തന്നോടു സഹതാപമുള്ള ഒരു രക്ഷകനെ അവിടുത്തെ രക്തം, അവിടുത്തെ നീതി, അവിടുത്തെ നിത്യ പൗരോഹിത്യം ഇതെല്ലം അവന്റെ സ്വന്തമാണെന്ന് അവൻ വിശ്വസിക്കുന്നു. അവൻ യേശുവിനെ കാണുന്നു, തന്റെ ഭാരങ്ങൾ മുഴുവനും അവിടുത്തെമേൽ വയ്ക്കുന്നു, തന്നെ സ്നേഹിച്ച യേശുക്രിസ്തു മുഖാന്തരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു (റോമ. 8:37).

ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിലും ഒരുക്കത്തിലുമുള്ള സ്വാഭാവികമായ വിശ്വാസം ഒരു വിശ്വാസിയെ വിജയകരമായി പോരാടു

(ശേഷം 10-ാംപേജിൽ)

(9-ാംപേജിന്റെ തുടർച്ച)

നല്ല പോർ പൊരുതുക

വാൻ സഹായിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹവും തുടർച്ചയായ സംരക്ഷണവും ഉണ്ടെങ്കിൽ ജിജ്ഞാസയൊന്നുമില്ലാതെ തന്നെ ഉറപ്പോടെ പോരാടുവാൻ ഒരു വ്യക്തിയെ സഹായിക്കുന്നു. കഷ്ടതയിലും പാപത്തോടുള്ള പോരാട്ടത്തിലും തന്നിൽ വസിക്കുന്ന കർത്താവു കൂടെയുണ്ടെങ്കിൽ വിജയം സുനിശ്ചിതമാണ്.

ഇത് ദുഷ്ടന്റെ തീയമ്പുകളെ കൊടുക്കുന്ന വിശ്വാസം എന്ന പരിചയാണ്. അവന് പറയാൻ കഴിയും, കഷ്ടതയുടെ വേളകളിൽ അവൻ പറയും, ഞാൻ ലജ്ജിച്ചുപോകയില്ല (2തിമൊ. 1:12). അതുകൊണ്ട് പൗലൊസ് ഇങ്ങനെ എഴുതി, " അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമേയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമെയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. നൊടിനേരത്തേയ്ക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു". (2കൊരി. 4:16,17). അദ്ദേഹം വീണ്ടും എഴുതി, " കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രെ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നതു താൽക്കാലികം കാണാത്തതോ നിത്യം" (4:18). ഗലാത്യലേഖനത്തിൽ ഇങ്ങനെ വായിക്കുന്നു, " എനിക്കു ജീവിക്കുന്നതു ക്രിസ്തുവും " (ഫിലി.1:21), അതേ ലേഖനത്തിൽ പിന്നെയും വായിക്കുന്നു " ഉള്ള അവസ്ഥയിൽ അലംഭാവത്തോടെയിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്.(4:11).എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു (4:13). അധികം വിശ്വാസം, അധികം വിജയം! അധികം വിശ്വാസം അധികസമാധാനം.

ഏതെങ്കിലും ഒരു ക്രിസ്തീയ പോരാളി പോരാട്ടത്തിൽ ജയിച്ചിട്ടുണ്ടോ? അവൻ തന്റെ വിശ്വാസത്തിന്റെ തുടർച്ചയായവർദ്ധനവിനുവേണ്ടി അധികം പ്രാർത്ഥിക്കട്ടെ. അവൻ ക്രിസ്തുവിൽ വസിക്കട്ടെ, ക്രിസ്തുവിനോട് ചേർന്നിരിക്കട്ടെ. ക്രിസ്തുവിനോടുള്ള അവന്റെ ബന്ധം നാൾക്കു നാൾ വർദ്ധിക്കട്ടെ, അവിടുന്ന് ജീവിക്കുന്നു. അവന്റെ ദിവസേനയുള്ള പ്രാർത്ഥന ശിഷ്യൻ പ്രാർത്ഥിച്ചതുപോലെ തരേണമേ (ലൂക്കോ. 17:5). അസൂയാവഹമായി നിങ്ങളുടെ വിശ്വാസത്തെ കാക്കുക, ഏതു വിധേനയും ഇതു നിങ്ങൾക്ക് കോട്ടയായിരിക്കട്ടെ, ഇതു നിങ്ങളുടെ സുരിക്ഷതത്വം ആയിരിക്കും. ശത്രു എപ്പോഴും ആക്രമിക്കുവാൻ നോക്കുന്നു. വിശ്വാസം വലിച്ചെറിയപ്പെട്ടാൽ എല്ലാം വീഴും. നാം ഇവിടെ ജീവിതത്തെ സ്നേഹിക്കുക, പോരാടി നിലനില്ക്കുക.

ഓർക്കുക, വിജയകരമായി പോരാടണം എങ്കിൽ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കേണ്ടത് ആവശ്യമാണ്. ഉപേക്ഷയായി വിചാരിക്കാതെ മരണം വരെ ആയുധമേന്തി പോരാടാം. സത്യം എന്ന അരക്കെട്ട്, നീതി എന്ന കവചം, വിശ്വാസം എന്ന പരിച, ആത്മാവിന്റെ വാൾ, രക്ഷ എന്ന ശിരസ്ത്രം - ഓരോന്നും അഥവാ എല്ലാം ആവശ്യമാണ്. ഒരു ദിവസം പോലും നിങ്ങൾ ആയുധമില്ലാതിരിക്കരുത്. അതെ ക്രിസ്തുവിന്റെ സേനയിലെ ഒരു ഭടൻ മരിച്ചുപോയാൽ, " സ്വർഗ്ഗത്തിൽ നാം അവനെ കാണും, ആയുധധാരികളായിട്ടല്ല, എന്നാൽ തേജസ്സിന്റെ വസ്ത്രധാരിയായ് ഇവിടെ നമ്മുടെ കരങ്ങൾ രാവും പകലും കർമ്മനിരതമായിരിക്കും. നമുക്ക് നടക്കണം, ജോലി ചെയ്യണം ഉറങ്ങണം, അങ്ങനെയെങ്കിൽ ക്രിസ്തുവിന്റെ നല്ല ഭടനായിരിപ്പാൻ നമുക്കു കഴികയില്ല.

ക്രിസ്തുവിലൂടെ മുന്നോട്ട് പോകുന്നവർ

രാവിലെയും ഉച്ചയ്ക്കും രാത്രിയിലും നമ്മുടെ രക്ഷകന്റെ കണ്ണ് നമ്മുടെ മേൽ ഇരിക്കുന്നു എന്നോർക്കുക. നമ്മെ കരങ്ങളിൽ വഹിച്ചിരിക്കുന്നത് ഒരിക്കലും അവിടുത്തേയ്ക്ക് ഭാരമായിരിക്കുന്നില്ല. നമ്മുടെ ഭാരങ്ങൾ അറിഞ്ഞ് നമുക്കുവേണ്ടി കരുതുവാൻ അവിടുത്തേയ്ക്ക് കഴിയും. താൻ തന്നെ പരീക്ഷിതനായി കഷ്ടം സഹിച്ചിരിക്കയാൽ നമ്മുടെ അവസ്ഥ താൻ അറിയുന്നു. ഇങ്ങനെയുള്ളൊരു മഹാപുരോഹിതൻ, ദൈവപുത്രനായ യേശു, നമുക്കു നമ്മുടെ സ്വീകാരം മുറുകെ പിടിക്കാം (എബ്രാ. 4:14).

ഓർക്കുക, ആയിരക്കണക്കിന് പടയാളികൾ ഇതേ യുദ്ധക്കളത്തിൽ പോരാടിവരായി നമുക്കു ചുറ്റും ഉണ്ട്. അവരെല്ലാം കർത്താവിനാൽ പിടിക്കപ്പെട്ടവരാണ്, അവിടുന്ന് അവരെ സ്നേഹിക്കുന്നു. അവർ എല്ലാവരും കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ്. നാമും അങ്ങനെയായിരിക്കാം. ക്രിസ്തുവിന്റെ കരം ശക്തിയുള്ളതാണ്, അവിടുത്തെ ഹൃദയം എപ്പോഴും സ്നേഹമുള്ളതാണ്. അവൻ നമുക്കു മുന്നിൽ സ്ത്രീകളേയും പുരുഷന്മാരെയും രക്ഷിച്ചവൻ, അവിടുന്ന് ഒരു നാളും മാറ്റമില്ലാത്തവൻ. " അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്യുവാൻ സദാജീവിക്കുന്നവൻ ആകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു (എബ്രാ. 7:25). നമ്മുടെ സംശയങ്ങളും ഭയങ്ങളും എല്ലാം ദൂരെക്കളയാം. ദൈവവചനത്തെ പിന്തുടരാം, അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരും (എബ്രാ. 6:12).

ഒടുവിലായി സമയം ചുരുക്കമാണെന്നോർക്ക, അവിടുത്തെ വരവേറ്റം അടുത്തിരിക്കുന്നു. യുദ്ധം കുറച്ചുകൂടെയുണ്ട് സമാധാനത്തിന്റെ രാജാവ് പുതിയ ഭൂമിയെ ഭരിക്കുവാൻ വേഗം വരും. കുറച്ചുകൂടെ കഷ്ടങ്ങളും പ്രയാസങ്ങളും, പാപത്തോടും അതിന്റെ പോരാട്ടങ്ങളോടും നാം നിത്യമായ വിടപറയും, ദു:ഖത്തോടും മരണത്തോടും കൂടെ. അവസാനം വരെ പോരാടാം. ഒരിക്കലും കീഴടങ്ങരുത്. നമ്മുടെ രക്ഷയുടെ ദൈവം ഇങ്ങനെ അരുളിച്ചെയ്യുന്നു. " ജയിക്കുന്നവന് ഇത് അവകാശമായി കൊടുക്കും, ഞാൻ അവന് ദൈവവും അവൻ എനിക്കു മകനുമായിരിക്കും" (വെളി. 21:7).

❖